

# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630
September 9, 2007, Vol. 2, Issue 50
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

Special Programs on September 9th

**Re-opening of Religious Education Schools**

**Starting of English Youth Mass**

*********************

## ദാമ്പത്യ നവീകരണ സെമിനാർ

നയിക്കുന്നവർ: റവ. ഫാ. റോയി കട്ടപ്പിൽ & ഡോ. ഷീല മാളിയേക്കൽ



*********************

**EVANGA-GANZA, TEEN MASS, & WORKSHOP**

By World Famous Catholic Youth Evangelist SAL-SOLO.
Sal Solo & Post-Marriage Seminar are from 11:30 to 4:30 P.M.

## RETREAT IN OUR PARISH BY LEADERS OF SHALOM TV & PUBLICATIONS

**September 20, 21, 22, 23, 2007**

Time: Thursday Sept. 20th 6:30 P.M. to 9:00.
Friday, Saturday & Sunday 10:00 A.M. to 4:00 P.M.

**PREACHERS**



**Mr. Benny Punnathara.** Chief Editor of Sunday Shalom & Shalom Times and Chairman of Shalom TV



**Fr. Roy Palatty CMI,** Sunday Shalom and Lecturer at Dharmaram College, Bangalore. Author of two books.

## വിസ്കോൺസിനിൽ നടന്ന കൂടാരയോഗത്തിന്റെ ഫോട്ടോ ഫീച്ചർ



ക്നാനായ പള്ളി വാങ്ങിയതിന്റെ വാർഷിക ദിനത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയ്ക്കുശേഷം..
വാർഷിക ക്യാമ്പിൽനിന്നുള്ള വിവിധ ദൃശ്യങ്ങൾ താഴെ.





### PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

### HOLY MASS

**SUNDAY 10:00 A.M. at Knanaya Church**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**YOUTH MASS at 11:30 A.M. at Knanaya Church**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M. at Knanaya Church**
**SATURDAY 10:00 A.M. at Knanaya Church**

### RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 at Knanaya Church**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

### ADORATION

**ALL: First Fridays after Mass at Knanaya Church**
**CHILDREN: Every 2nd and 4th Friday after Holy Mass.**

### RECONCILIATION / CONFESSION

**First Saturdays from 10:00 A.M. at Knanaya Church.**

### NOVENAS

**B.V. Mary after Saturday Mass at Knanaya Church.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after Mass at Knanaya Church.**

### PRAYER GROUP

**Sundays after 10:00 A.M. Mass**

### ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

### LEGION OF MARY

**Sundays after 10:00 A.M. Mass**

### MEN'S & WOMEN'S MINISTRIES

**First Friday evenings after Holy Mass**

### PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

**September 2007**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

## Schedule of Events

### SATURDAY, SEPTEMBER 8, 2007

**മാതാവിന്റെ പിറവി തിരുന്നാൾ**

Ladinge, Holy Mass and Novena at 10:00 A.M.
**കുർബ്ബാനയ്ക്കു ശേഷം സീനിയർ  സിറ്റിസൺസിന്റെ ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശനം**

### SUNDAY, SEPTEMBER 9, 2007

**RE-OPENING OF RELIGIOUS EDUCATION SCHOOLS AT KNANAYA CHURCH AND OLV.**
Religious Education classes and Malayalam Holy Mass at 10:00 A.M.
**SAL-SOLO PROGRAM FOR CHILDREN AND YOUTH at Knanaya Church with Teen Mass after Religious Education School.**
**COUPLES SEMINAR after 10:00 A.M. Mass.**
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, SEPTEMBER 13, 2007

Mass & Novena at Community Center at 7:00 P.M.

### FRIDAY, SEPTEMBER 14, 2007

Holy Mass and Adoration for children at 7:00 P.M.

### SATURDAY, SEPTEMBER 15, 2007

Holy Mass and Novena at 10:00 A.M.

### SUNDAY, SEPTEMBER 16, 2007

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, SEPTEMBER 20, 2007

**RETREAT BY SHALOM TV TEAM from 6:30 P.M. to 9:00 P.M. at Knanaya Church.**
**Benny Punnathura & Fr. Roy Palatty CMI**
Mass & Novena at Community Center at 7:00 P.M.

### FRIDAY, SEPTEMBER 21, 2007

**Feast Day of St. Mathew**
**RETREAT BY SHALOM TV TEAM continues from 10:00 A.M. to 4:00 P.M.**
Holy Mass and Novena of St. Michael at 7:00 P.M.

### SATURDAY, SEPTEMBER 22, 2007

Holy Mass and Novena at 10:00 A.M.
**RETREAT BY SHALOM TV TEAM continues after Mass to 4:00 P.M.**

### SUNDAY, SEPTEMBER 23, 2007

Religious Education classes and Malayalam Holy Mass at 10:00 A.M.
**RETREAT BY SHALOM TV TEAM continues after Mass to 4:00 P.M.**
**Youth Mass followed by Children Ministry and Teens Ministry from 11:30 A.M.**
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, SEPTEMBER 27, 2007

**Feast Day of St. Vincent De Paul**
Mass & Novena at Community Center at 7:00 P.M.

# വികാരിയുടെ സന്ദേശം



## പ്ലാന്റേഷന വെളിയിൽ വളരുവാൻ വെമ്പുന്ന ക്നാനായ ചെടികൾ

എന്റെ പ്രിയ സഹോദരങ്ങളേ,

സമുദായ സ്നേഹം മൂത്ത് നാമെന്തെല്ലാമോ കാട്ടിക്കൂട്ടുമ്പോൾ നമുക്കു നഷ്ടമാകുന്ന ഒരു വിഭാഗം ക്നാനായ ചെറുപ്പക്കാർ ഇന്ന് അമേരിക്കയിലുണ്ട്. മലയാളം ശരിക്ക് അറിവില്ലാത്ത അവരിൽ ചിലർ ക്നാനായ സമുദായത്തിൽനിന്നു തന്നെ വിവാഹം ചെയ്തു. സ്വന്തം ബോദ്ധ്യത്തിൽനിന്നല്ല; അവരുടെ മാതാപിതാക്കളുടെ കർശന നിലപാടുകൊണ്ടു മാത്രം. അടുത്ത കാലത്ത് അവരെ വിളിച്ചുകൂട്ടിയപ്പോൾ അവർ പറഞ്ഞു: "ഞങ്ങളൊരിക്കലും ഞങ്ങളുടെ കുഞ്ഞുങ്ങളെ ഈ സമുദായത്തിൽനിന്നു വിവാഹം ചെയ്യുവാൻ നിർബന്ധിക്കുകയില്ല. കാരണം വിവാഹ പ്രായത്തിൽ ഞങ്ങൾ കടന്നുപോയ ബുദ്ധിമുട്ട് ഞങ്ങൾക്കേ അറിയൂ. ക്നാനായ പള്ളിയിൽ ഞങ്ങൾക്കു താല്പര്യമില്ല; കാരണം അവിടുത്തെ മലയാളം കുർബ്ബാന ഞങ്ങൾക്ക് അർത്ഥരഹിതവും അരോചകവുമാണ്. അസ്സോസിയേഷനിലും ഞങ്ങൾക്കു താല്പര്യമില്ല; കാരണം അവിടുത്തെ ഗ്രൂപ്പിസവും വഴക്കും ഞങ്ങൾ വെറുക്കുന്നു. ഞങ്ങൾ വളർന്നു വന്നത് ക്നാനായ ഭവനങ്ങളിലെങ്കിലും പരിശീലനം ലഭിച്ചത് അമേരിക്കൻ പള്ളികളിലും സ്ഥാപനങ്ങളിലുമാണ്. അവയോടു ഞങ്ങൾ പൊരുത്തപ്പെട്ടു കഴിഞ്ഞു. ഇനി ക്നാനായ കൂട്ടായ്മയിലേയ്ക്ക് ഞങ്ങളുമില്ല, ഞങ്ങളുടെ മക്കളുമില്ല."

സമുദായ നിലനില്പിനുവേണ്ടി തങ്ങളുടെ മക്കൾ ക്നാനായ സമുദായത്തിൽനിന്നു തന്നെ വിവാഹം ചെയ്താൽ മതിയെന്നു മാത്രം ആഗ്രഹിച്ചവർക്കു തെറ്റി. കാരണം ക്നാനായ പള്ളികൾ തീർത്ത് അവിടെ ഇന്നത്തെ നമ്മുടെ ക്നാനായ പള്ളിയിലേതു പോലെ പരിശീലനം നല്കാകാതിരുന്നതിനാൽ അവർ വംശശുദ്ധി പാലിക്കുന്ന ക്നാനായക്കാരെങ്കിലും കൂട്ടം വിട്ട ക്നാനായക്കാരായി. അത് ഇനിയും തുടർന്നാൽ, അവരിലൂടെ ജനിക്കാനിരിക്കുന്ന തലമുറകളെ സാമുദായത്തിന് എന്നേയ്ക്കുമായി നഷ്ടപ്പെടും.

വംശശുദ്ധി പാലിച്ചെങ്കിലും സമുദായ കൂട്ടായ്മയിൽനിന്ന് അകന്നവരെ അവഗണിക്കാതെ അവരെ നമ്മുടെ പള്ളിയിലേയ്ക്കാകർഷിച്ചാൽ അവരെ മാത്രമല്ല, അവരുടെ പിൻ തലമുറകളേയും നമ്മുടെ സമുദായത്തിനു നേടുവാൻ കഴിയും. അതിനു നാം ബോധപൂർവ്വം ചില പദ്ധതികൾ തയ്യാറാക്കുകയും ത്യാഗങ്ങൾ സഹിക്കുകയും വേണം. ഇംഗ്ലീഷിലുള്ള സീറോ മലബാർ കുർബ്ബാനയാണ് അതിലെ ആദ്യ പടി. അത് നാമിന്ന് ആരംഭിക്കുകയാണ്. ഈ യുവതീയുവാക്കൾക്ക് ആകർഷകമായ കൂടുതൽ പദ്ധതികളും ഉത്തരവാദിത്വങ്ങളും അവർക്കായി നാം സജ്ജമാക്കണം. യൂത്ത് സെന്റർ നിർമ്മിച്ചാൽ പോരാ, യൂത്തിന്റെ വിഹാര കേന്ദ്രമാക്കി അതിനെ നാം മാറ്റണം.

തിരുവതാംകൂറിൽ കേന്ദ്രീകരിച്ചിരുന്ന ക്നാനായക്കാർ പിന്നീട് തൃശ്ശൂർ, ഹൈറേഞ്ച്, വയനാട്, വടക്കൻ മലബാർ പ്രദേശങ്ങളിലേയ്ക്കു കുടിയേറി. ആദ്യ കുടിയേറ്റക്കാരിൽ പലരും സമുദായിക പിന്തുണ ഇല്ലാതിരുന്നതിനാൽ പ്രാദേശിക ക്നാനായേതരുമായി വിവാഹം കഴിച്ചു സമുദായം വിട്ടുപോയി. അപ്പോൾ കോട്ടയത്തെ നമ്മുടെ പിതാക്കന്മാർ വൈദികരെ വിട്ട് പള്ളിയും ഇടവകയും സ്ഥാപിച്ച് ബാക്കിയുണ്ടായിരുന്നവരെ ഒന്നിപ്പിച്ചു. തൃശ്ശൂരുൾപ്പെടെ ക്നാനായ വൈദികർ ചെല്ലാതിരുന്ന സ്ഥലങ്ങളിലെ ക്നാനായക്കാർ മറ്റുള്ളവരിൽ അലിഞ്ഞ് ഇല്ലാതായി. അവരിലൂടെ അവർക്കു ജനിക്കാമായിരുന്ന വലിയ ക്നാനായ ശിഖരങ്ങൾ കരിഞ്ഞില്ലാതായി.

വടക്കേ അമേരിക്കയിലും നമ്മുടെ ശ്രദ്ധക്കുറവുകൊണ്ടും തെറ്റായ നയംകൊണ്ടും കുറെ ശിഖരങ്ങൾ കരിയുകയും മറ്റു ചിലവാടുകയും ചെയ്തിട്ടുണ്ട്. വാടിയവയെ പുനർജീവിപ്പിച്ചു നിർത്തിയില്ലെങ്കിൽ ആ ശാഖകൾ ക്നാനായ സമുദായത്തിന് എന്നേയ്ക്കുമായി നഷ്ടമാകും. ഗ്രാഫ്റ്റ് ചെയ്തു വികസിപ്പിക്കാനാവാത്ത ക്നാനായ വൃക്ഷത്തിന്റെ ശിഖരങ്ങൾ കരിഞ്ഞുപോകാതെയും വെട്ടപ്പെടാതെയും ഇത്തിൾകണ്ണി പിടിക്കാതെയും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനുവേണ്ട ഫലഭൂയിഷ്ഠമായ മണ്ണും വളവും വെള്ളവും തടമൊരുക്കി നല്കുവാൻ സഭാസംവിധാനം കൂടിയേ തീരൂ.

തോട്ടമൊരുക്കി വളർത്താതെ മറ്റു ചെടികൾക്കിടയിൽ വളരുവാൻ അനുവദിച്ചിട്ട് മരമാകുമ്പോൾ പറിച്ചു തോട്ടമുണ്ടാക്കുവാൻ ശ്രമിച്ചാൽ മരങ്ങൾ തകരുമെന്നല്ലാതെ തോട്ടം ശരിയാകില്ല. വിവാഹ പ്രായം വരെ അമേരിക്കൻ പള്ളിയിൽ പരിശീലിപ്പിച്ചിട്ട് സമുദായത്തിൽനിന്നു വിവാഹം ചെയ്യുവാൻ പ്രേരിപ്പിച്ചാലും ഭാവി തലമുറകളെ സമുദായത്തിൽ നിർത്താനാവില്ല. സ്വയം ബോധ്യമില്ലാത്ത വംശശുദ്ധിയും ആരാധനാക്രമവും അവർ തങ്ങളുടെ മക്കൾക്ക് പറഞ്ഞുകൊടുക്കുകയില്ല.

സമുദായ സ്നേഹികൾ തങ്ങളുടെ മക്കളെ സമുദായത്തിൽനിന്നു വിവാഹിതരാക്കുന്നതോടൊപ്പം അവരെയും അവരുടെ മക്കളെയും ഇടവകവഴി സമുദായാന്തരീക്ഷത്തിൽ വളർത്തിയാലേ അമേരിക്കൻ മണ്ണിൽ ക്നാനായ സമുദായം വേരുപിടിക്കൂ. അല്ലാത്തപക്ഷം പാഴ്മണ്ണിൽ വീണ വിത്തുകൾ പോലെ നമ്മുടെ സമുദായ ഭാവി പറവകൾ കൊത്തിയും മുൾച്ചെടികൾ ഞെരുക്കിയും, വെയിലത്തു വാടിയും വേരുപിടിയ്ക്കാതെ നശിക്കും. അതിനാൽ നമ്മുടെ പൂർവ്വികരുടെ അനുഭവ പാഠമുൾക്കൊണ്ട് സഭാ സംവിധാനത്തിൽ സമുദായത്തെ നല്ലൊരു ക്നാനായ പ്ലാന്റേഷനാക്കി മാറ്റാം. പ്ലാന്റേഷൻ ഒരേ ഇനം മരങ്ങൾക്ക് മാത്രമുള്ളതാണല്ലോ.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം



ക്നാനായ പ്ലാന്റേഷൻ കാടു പിടിയ്ക്കാനോ
ക്നാനായ ചെടികൾ മറ്റു പ്ലാന്റേഷനിൽ
വേരു പിടിയ്ക്കാനോ ഇടയായാൽ
നഷ്ടം ക്നാനായ വംശത്തിനുതന്നെ.

# സമുദായത്തിനു വൻ നേട്ടങ്ങൾ സമ്മാനിച്ച ക്നാനായ ഇടവക



ഓ. ജെ. ജോൺ ക്ലാക്കീൽ

എ.ഡി. 345ൽ ടൈഗ്രീസ് നദീതീരത്തുനിന്നും മൂന്നു പായ് കപ്പലുകളിൽ ക്നാനായക്കാർ കച്ചവടത്തിനും കൃഷിയ്ക്കും സുവിശേഷവല്ക്കരണത്തിനുമായി കൊടുങ്ങല്ലൂരിൽ വന്നു ചേർന്നുവെങ്കിൽ 1957-58 കാലയളവിൽ ഇപ്പോഴത്തെ ക്നാനായ ആസ്ഥാനമായ കോട്ടയത്തുനിന്നും പ്രാന്ത പ്രദേശങ്ങളിൽ നിന്നുമായി തറയിൽ തൊമ്മിക്കുഞ്ഞ്, പെണ്ണമ്മ തറയിൽ, ഫിലിപ്പ് കാലായിൽ, കുഞ്ചാക്കോ പൂവത്തുങ്കൽ, തോമ്മാച്ചൻ തച്ചേട്ട് തുടങ്ങിയവർ വിദ്യാഭ്യാസത്തിനും ജോലിയ്ക്കുമായി അവസരങ്ങളുടെ നാടായ അമേരിക്കയിൽ വന്നു. അവരും പിന്നീടു വന്നവരും തങ്ങളുടെ ബന്ധുമിത്രാദികളെ ഇവിടെ കൊണ്ടുവന്നു. ഇപ്പോൾ വിവിധ തൊഴിലുകളിൽ പ്രാവീണ്യമുള്ളവരും H-1 വീസായിൽ ഇവിടെ വന്നുചേരുന്നു. അങ്ങനെ ഏതാണ്ട് 800 ക്നാനായ കത്തോലിക്കാ കുടുംബങ്ങൾ ഇന്നു ചിക്കാഗോ ഭാഗത്തുണ്ട്.

ഇവിടെ കുടിയേറിയവർ കോട്ടയത്തുനിന്നു വൈദികരെ വരുത്തി നമ്മുടെ തന്നെ രീതിയിൽ തിരുക്കർമ്മങ്ങൾ നടത്തുവാൻ താല്പര്യം കാണിച്ചു. കൂടാതെ 1993ൽ കമ്മ്യൂണിറ്റി സെന്റർ വാങ്ങിക്കുകയും സമീപത്തുള്ള ഐ.എച്ച്.എം. പള്ളിയിൽ തിരുക്കർമ്മങ്ങൾ നടത്തുകയും ചെയ്തുപോന്നു. പള്ളിയേക്കാളുപരി സംഘടനയ്ക്കു നാം പ്രാധാന്യം നല്കി പോന്നിരുന്നതിനാൽ നമ്മുടെ വൈദികരോ അത്മായരോ സ്വന്തമായ പള്ളിയ്ക്കുവേണ്ടി അടുത്ത കാലം വരെ താല്പര്യമെടുത്തില്ല. അതിൽ മാറ്റം വരുത്തുവാൻ നേതൃത്വം നല്കിയത് നമ്മുടെ ഇപ്പോഴത്തെ വികാരി റവ. ഫാ. ഏബ്രഹാം മുത്തോലത്താണ്.

നമ്മുടെ പൂർവ്വികർ കൊടുങ്ങല്ലൂരിൽനിന്നു കടുത്തുരുത്തിയിലും കോട്ടയത്തും കല്ലിശ്ശേരിയിലും തുടങ്ങി കുടിയേറിയ സ്ഥലങ്ങളിലെല്ലാം ആദ്യം ചെയ്തത് പള്ളി പണിത് സമുദായംഗങ്ങൾ ഒന്നുചേർന്ന് ദൈവത്തെ ആരാധിക്കുകയായിരുന്നു. തൽഫലമായി നമ്മുടെ സമുദായത്തിന് കേരളത്തിലുണ്ടായ നേട്ടങ്ങൾ അനവധിയാണല്ലോ. കോളേജുകൾ, പ്ലസ്ടൂ വിദ്യാലയങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, തൊഴിൽ സ്ഥാപനങ്ങൾ, സന്യാസ സമൂഹങ്ങൾ, സാമൂഹ്യ ക്ഷേമ പദ്ധതികൾ എന്നിങ്ങനെ ഏറെ കാര്യങ്ങൾ സഭാ സംവിധാനത്തിലൂടെ നാം നേടി.

ചിക്കാഗോയിലെ ക്നാനായ സമുദായത്തിന്റെ അജപാലന വളർച്ചയിൽ പുതിയൊരു പന്ഥാവു വെട്ടിത്തുറക്കുവാൻ 2004ൽ ക്നാനായ കാത്തലിക് മിഷന്റെ ഡയറക്ടറായി ചുമതലയേറ്റ ബഹു. മുത്തോലത്തച്ചനു കഴിഞ്ഞു. അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വല സേവനത്തിന്റെ ഫലമായി 2006 സെപ്റ്റംബർ ഒന്നു മുതൽ ഈ പ്രവാസി നാട്ടിൽ നമുക്കു സ്വന്തമായൊരു ദൈവാലയം നിലവിൽ വന്നു. വികാരിയച്ചനും പാരീഷ് കൗൺസിൽ അംഗങ്ങളും ചേർന്ന് സെപ്റ്റംബർ മൂന്നിന് 72 തിരിയുള്ള നിലവിളക്കു കത്തിച്ച് പ്രാർത്ഥനാന്തരീക്ഷത്തിൽ ലളിതമായി ഇടവകയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സെപ്റ്റംബർ 24ന് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് നമ്മുടെ മിഷനെ പ്രവാസി ക്നാനായക്കാരുടെ പ്രഥമ ഇടവകയായി ഉയർത്തി.

കഴിഞ്ഞ ഒരു വർഷമായി ഈ ഇടവകയ്ക്കും ഇതിനോടു സഹകരിക്കുന്നവർക്കും അത്ഭുതകരമായ നേട്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മുഴുവൻ വിലയും ഒരൊക്കമായി നല്കി പള്ളിയും സ്കൂളും ഇരിക്കുന്ന ബ്ലോക്കു നിശ്ചിത സമയത്തു തന്നെ വാങ്ങുവാൻ കഴിഞ്ഞു. ആറു മാസത്തിനകം പള്ളിയോടു ചേർന്ന മറ്റൊരു സ്ഥലവും കെട്ടിടവും പള്ളിമേടയ്ക്കും ഓഫീസിനുമായി മുഴുവൻ തുകയും കൊടുത്തു വാങ്ങുവാൻ കഴിഞ്ഞു. ക്യൂൻ ഓഫ് ഹെവൻ സെമിത്തേരിയിൽ 1,460 പേരെ സംസ്കരിക്കുവാൻ ക്നാനായ കത്തോലിക്കർക്കു മാത്രമായി ഒരു പ്രദേശം വേർതിരിച്ചുകിട്ടി. നമ്മുടെ ഇടവക ഇൻഡ്യയിലെ മിയാവു രൂപതയെ സ്പോൺസർ ചെയ്യുകയും നമ്മളും നമ്മുടെ വികാരി ബഹു. മുത്തോലത്തച്ചനും സംഭാവന നല്കി രണ്ടു പള്ളികൾ മിയാവു രൂപതയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അടുത്ത ജനുവരിയിൽ അവയുടെ കൂദാശകർമ്മം നടക്കുമെന്നറിയുന്നു. നമ്മുടെ പള്ളിയോടനുബന്ധിച്ച് വിപുലമായ സൗകര്യങ്ങളുള്ള യൂത്ത് സെന്റർ നിർമ്മിക്കുവാനിരിക്കുന്നു. അതിനുള്ള അടിസ്ഥാന ശില അത്യുന്നത കർദ്ദിനാളും സീറോ മലബാർ സഭാതലവനുമായ മാർ വർക്കി വിതയത്തിൽ തിരുമേനി നിർവ്വഹിക്കുകയുണ്ടായി. സർവ്വോപരി ഈ ഇടവക വഴി നമ്മുടെ കുഞ്ഞുങ്ങൾക്കും യുവതീയുവാക്കൾക്കും മറ്റെല്ലാവർക്കും എന്തെന്നില്ലാത്ത അത്മീയ ഉണർവ്വും മാനസിക സന്തോഷവും സംജാതമായിരിക്കുന്നു. ഇവയെല്ലാം ദൈവത്തിന്റെ അത്ഭുതമല്ലാതെ മറ്റെന്താണ്?

ഈ ഉയർച്ചയ്ക്കെല്ലാം കാരണം സേക്രഡ് ഹാർട്ട് ക്നാനായ ഇടവകയുടെ ഉത്ഭവവും ഈ പള്ളിയുടെ ആഭിമുഖ്യത്തിൽ രൂപീകൃതമായ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളുമാണ്. പള്ളിയുടെ പ്രാർത്ഥനാ ഗ്രൂപ്പ്, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയും, ലീജിയൺ ഓഫ് മേരിയും, കുട്ടികളുടെ ആരാധനയും, ദിവ്യബലിയ്ക്കു ശേഷം ദൈവാലയത്തിനും യൂത്ത് സെന്ററിനും വേണ്ടിയുള്ള പ്രാർത്ഥനയുമെല്ലാം ഏറെ ദൈവാനുഗ്രഹം വർഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി ഭവിക്കുന്നു.

നമ്മുടെ ആളുകൾ കുടിയേറിയ അമേരിക്കയിലുള്ള മറ്റു പ്രധാന നഗരങ്ങളിലെല്ലാം ക്നാനായ പള്ളികളും ഇടവകകളും ഉണ്ടായി നമ്മുടെ സമുദായം അത്മീയമായി അഭിവൃദ്ധി പ്രാപിക്കുവാൻ നമുക്കു പ്രാർത്ഥിക്കുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. കേരളത്തിലെ കോട്ടയം അതിരൂപതക്കാർ ഇവിടെ ക്നാനായ രൂപതക്കാരായി മാറുവാൻ ദൈവം ഇടയാക്കട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം.

## അറിയിപ്പ്

ലീജിയൺ ഓഫ് മേരി, സെന്റ് വിൻസന്റ് ഡീ പോൾ സൊസൈറ്റി, പ്രാർത്ഥനാഗ്രൂപ്പ് എന്നിവയുടെ സമ്മേളനങ്ങൾ എല്ലാ ഞായറാഴ്ചയും 10:00ന്റെ കുർബ്ബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്. ഇവയിൽ പങ്കെടുത്ത് അത്മീയ വളർച്ചയും ദൈവാനുഗ്രഹവും പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



# Do We Need Syro-Malabar English Mass?

The Youth of the Knanaya Church need a Mass celebrated in English. Today's Knanaya Youth are all young adults who have faith in God and pride in their community. As one gets older, there is a transition from being a child to being an adult. Along with this transition, young adults are left to make choices for themselves. Along with these choices is the choice to go where to attend mass as it is necessary for a person's Catholic Christian faith.



Jens Vayalil

**More and more of today's Knanaya Youth are becoming more distant to the Knanaya Church. More Youth are preferring English Mass over Malayalam Mass. This is because they feel more comfortable because they understand all parts of the English Mass. The reason for this is not that today's Youth do not want to go to Malayalam Mass, but it is because it is difficult for the Youth to understand the traditional Malayalam, spoken during Malayalam Mass.**

One goes to Church to make a connection to God. One makes this connection through the preaching of the priest celebrating Mass. Because today's Knanaya Youth were brought up with the English language, the Mass said in English will ensure that the Youth are truthfully praying and connecting to God. The Knanaya Youth will have a desire to attend Knanaya Church. What happens most of the time with Malayalam Mass is that the Youth just end up going to mass and simply listening.

**One needs to participate in Church to truly be part of the Mass. The purpose of having an English mass at Maywood Church is to promote the Youth of today's Knanaya Community to willingly, wishfully and actively participate in Mass. The English Mass will ensure that the Youth become active members of today's Knanaya Church ensuring a strong and powerful community now and forever.**

## SCENES FROM THE ANNIVERSARY CELEBRATIONS OF KOODARAYOGAM IN WISCONSIN











## രണ്ടാമത്തെ ദൈവാലയത്തിനും യൂത്ത് സെന്ററിനും വേണ്ടിയുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ, അങ്ങയുടെ അനന്തമായ സ്നേഹത്തേയും / നിരന്തരമായ പരിപാലനയേയും ഞങ്ങൾ വാഴ്ത്തുന്നു. എളിയവരായ ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് / ഈശോയുടെ തിരുഹൃദയനാമത്തിൽ / ഞങ്ങൾക്ക് സ്വന്തമായൊരു ഇടവക ദൈവാലയം ലഭ്യമാക്കിയതിന് / അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

ഈ ഇടവകയേയും / ഇവിടെ ശുശ്രൂഷ ചെയ്യുന്ന വൈദികരെയും / അത്മായ പ്രേഷിതരെയും അനുഗ്രഹിക്കണമേ. വിശുദ്ധ പത്താം പിയൂസിന്റെ കാരുണ്യത്താൽ ഞങ്ങൾക്കു ലഭിച്ച / കോട്ടയം അതിരൂപതയേയും / ഞങ്ങൾ അംഗങ്ങളായിരിക്കുന്ന സെന്റ് തോമസ് സീറോ മലബാർ രൂപതയേയും / ഞങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്ന / ഇന്ത്യയിലെ മിയാവു രൂപതയേയും / അവയിലെ രൂപതാദ്ധ്യക്ഷന്മാരെയും അനുഗ്രഹിക്കണമേ. ഞങ്ങൾക്കെല്ലാവർക്കും സഭയോടൊത്ത് / വിശ്വാസത്തിലും ആത്മീയ ചൈതന്യത്തിലും വളരുവാൻ കൃപ ചെയ്യണമേ.

അങ്ങയുടെ പ്രിയ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിൽ / മറ്റൊരു ഇടവക ദൈവാലയംകൂടി സ്ഥാപിക്കുവാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും / ആത്മീയ ഉണർവ്വും സഭാ പരിശീലനവും നല്കുന്നതിനും / ഞങ്ങളുടെ ഭക്തസംഘടനകളുടെയും / വിവിധ മിനിസ്ട്രികളുടെയും സുഗമമായ നടത്തിപ്പിനും / വിശേഷാവസരങ്ങളിൽ / ഞങ്ങളുടെ എല്ലാ ആളുകൾക്കും ഒന്നുചേർന്ന് / അങ്ങേയ്ക്കു ബലിയർപ്പിക്കുന്നതിനും / സാമൂഹ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്ന / കൂട്ടായ്മാ സമ്മേളനങ്ങൾ നടത്തുന്നതിനുമായി / ഞങ്ങൾ സ്ഥാപിക്കുന്ന യൂത്ത് സെന്ററിന്റെ / നിർമ്മാണ പ്രവർത്തനങ്ങൾ / എത്രയും വേഗം പൂർത്തിയാക്കുവാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ.

പള്ളിയുടെയും യൂത്ത് സെന്ററിന്റെയും ധനശേഖരണത്തിലും / നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരെയും / ഈ സംരംഭത്തിനു സാമ്പത്തിക സഹായം ചെയ്യുന്നവരെയും / സമൃദ്ധമായി അനുഗ്രഹിക്കണമേ.

ഈശോയുടെ തിരുഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
പരിശുദ്ധ ഗ്വാഡലൂപ്പെ മാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ പത്താം പിയൂസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വസ്തുതി

## PRAYER FOR SECOND CHURCH & YOUTH CENTER

Lord God, we praise your infinite love / and continuous providence for us. We thank you for answering our prayers / for a parish church of our own / and providing it in the name of / the Most Sacred Heart of Jesus.

Please bless our parish / the priests and the lay apostles / who serve here. Kindly extend your blessings upon our Archdiocese of Kottayam / that Saint Pope Pius Tenth had graciously given to our community. Bless our Saint Thomas Syro-Malabar Diocese in which we belong / the Diocese of Miao that we have sponsored / and the bishops of these dioceses. Allow us to grow in faith / and spiritual nourishment / along with your church.

Bless us to have another parish church / in the name of Your Mother Blessed Virgin Mary. Lord also help us to complete at the earliest / the construction of our youth center / that is needed for the spiritual growth / and ecclesial training of our children and youth / for the smooth functioning of our pious associations and parish ministries / for Holy Mass and social gathering of all our people / on special occasions.

Lord, bless all those who are involved / in the construction and fundraising programs of our church and youth center / and those who financially support these.

Most Sacred Heat of Jesus, have mercy on us.
Our Lady of Guadalupe, pray for us.
Saint Pope Pius Tenth, pray for us.

1 Our Father, 1 Hail Mary, 1 Glory be to the Father.

## Ushers at Sacred Heart



| September 9 | September 16 |
|---|---|
| Jithin Kaduthodil<br>Sherry Kulathilkarottu<br>Soumya Kulathilkarottu<br>Kichu Maliackalthara<br>Vinitha Padinjath | Neethu Kaniyaly<br>Kevin Kunasseril<br>Kevin Thottichira<br>Aleta Varakalayil<br>Seejo Valacheril |

## READERS / LECTORS — ഏലിയാ-ശ്ലീവാ-മൂശാ കാലം

| September 9 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S at OLV |
|---|---|---|---|---|
| 1st Reading | Wisdom 9:13-18b | Lizy Indikuzhy | Savio Vanchipurakal | Shony Poozhikunnel |
| 2nd Reading | Philemon 9-10, 12-17 | Jose Thazhathuvettath | Neethu Kaniyaly | Julianne Chootuvelil |
| September 16 | | | | |
| 1st Reading | Exodus 32:7-11, 13-14 | Mary Manathumakil | Joel Chakkalackel | Jaibu Makil |
| 2nd Reading | 1 Timothy 1:12-17 | Tommy Puthenpurackal | Charmane Kattapuram | Job Makil |

## സീനിയർ സിറ്റിസൺസിന് ബോട്ടാണിക്കൽ ഗാർഡൻ തീർത്ഥാടനം

ദൈവ മഹത്വത്തെ പ്രകടമാക്കുന്ന കമനീയ പൂങ്കാവനം സന്ദർശിച്ച് ഉല്ലസിക്കുവാനും പ്രാർത്ഥിക്കുവാനും നമ്മുടെ ഇടവകയിലെ സീനിയർ സിറ്റിസൺസ് മിനിസ്ട്രി ബൊട്ടാണിക്കൽ ഗാർഡനിലേയ്ക്ക് തീർത്ഥാടനമൊരുക്കുന്നു.

സെപ്റ്റംബർ 8 ശനിയാഴ്ച 10:00ന്റെ കുർബാനയെ തുടർന്ന് പള്ളിയിൽ നിന്ന് യാത്രപുറപ്പെടും.

താല്പര്യമുള്ളവർ താഴെപറയുന്നവരുമായി ബന്ധപ്പെടുക:
ജേക്കബ് പുല്ലാപ്പള്ളിൽ 847-518-9576,
ഗ്രേസി വാച്ചാച്ചിറ 630-699-8570,
ജോയി നെടിയകാലായിൽ 847-910-1068,
ജെനി കണ്ണോത്തറ 630-290-8756.

## Weekly Offering

© J. S. Paluch Co., Inc.

*September 02*

| | |
|---|---|
| **Mass at OLV - St. Mary's Unit** | **82.00** |
| St. Mary's Unit on August 26 | **173.00** |
| Regular Offering at Knanaya Church | 597.00 |
| Offering at Koodarayogam Mass in WI | 302.00 |
| Building Fund: Youth Center | 1,000.00 |
| Food Committee | 160.00 |
| Agape Lemonade (for charity) | 61.00 |
| **TOTAL RECEIPTS AT S.H. CHURCH** | **2,120.00** |

**Thank you for your support**


*Best compliments from The Mutholath Family*

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
9520 W. 179th St., Tinley Park, IL 60487
(708) 633-8600, *www.choicecarehh.com*

Medicare Certified, most insurance accepted.

**Gaanam Videos & Photos Edukkutharayil**
**Professional Touch**



**with Latest Technology.**



***ANIL***
***Cell: 630-202-5969***
***Res: 847-827-7827***

**Chilli's garden**
The Indian taste
**Dine in, Carryout & Catering**
Free Home Delivery
**847-296-0777**
8971, N. Potter Road
Desplaines IL 60016
**Cyril Kattapuram 224-717-0376**

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
**1-866-JOE-4-TOW**

**POWER WASH 847-568-1500**
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



**JOY CHEMMACHEL**
**312-560-1600**


Please support our advertisers to support us.




**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing *
* Refund in 24 Hours *

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
**Malabar**
Catering &Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail: malabarcat@yahoo.com

*We put our money where our mouth is*



Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com

Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

**COLDWELL BANKER**



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)

**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**
EQUAL HOUSING LENDER

## ROYAL TRAVEL SERVICE

**3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625**
**TEL: (773) 509-9600, FAX: (773) 509-1196**

***KUWAIT AIRWAYS * AIR INDIA * MALAYSIAN * SWISS AIR * BRITISH AIRWAYS * LUFTHANSA AIR FRANCE * KLM * SINGAPORE AIR, ETC.,**

**YOUR KNANAYA TRAVEL AGENCY**

**CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU**

